"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന് പെറ്റമ്മ തൻ ഭാഷ താൻ.." ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ സാരാംശവും അതാണ്. അത് മലയാള ഭാഷയെ കൂടുതൽ ശക്തിപ്പെടുത്താനും സ്വീകരിക്കാനും ..... ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് ഉറപ്പ് നൽകിയതാണ് ഒന്ന്, മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്നും രണ്ട്, പ്ലസ് ടു വരെ മലയാളം നിർബന്ധ പഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും. ശ്രീ. ആർ.വിജി. മേനോനും ശ്രീ. ഒ.എൻ.വി. കുറുപ്പും മോശക്കാരാണെന്ന് ഞാൻ പറയുന്നില്ല. ക്ലാസിക്കൽ പദവി നേടുന്നത് നല്ലതുതന്നെയാണ്. പക്ഷേ വീട്ടുചോറ് ഇല്ലാത്തവർക്ക് എങ്ങനെയാണ് വിരുന്നു ചോറ് കിട്ടുന്നത്; അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കാൻ ഈ സർക്കാർ കുറഞ്ഞ സമയത്തിനുള്ളിൽ തയ്യാറാകുമോ ?

ശ്രീ. എം. എ. ബേബി: സർ, ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. 10 കോടി രൂപ ഉപയോഗിച്ചുകൊണ്ട് ഉടനടി അന്തർ സർവ്വകലാശാലാകേന്ദ്രം സ്ഥാപിക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അന്തർ സർവ്വകലാശാലകേന്ദ്രം ഒരു സർവ്വകലാശാലയുടെ സ്വാതന്ത്ര്യത്തോടുകൂടി മലയാള ഭാഷയെ മുന്നോട്ടുകൊണ്ടുപോകാൻ സഹായകരമാകും. ആ കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. അതുകൊണ്ട് വീട്ടുചോറിന്റെയും വിരുന്നുചോറിന്റെയും പ്രശ്നം ഉണ്ടാകുന്നില്ല.

ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ നടപടി

3(*83) ശ്രീ. വി. പെന്താമരാക്ഷൻ:
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഖാദിക്ക് കേന്ദ്ര റിബേറ്റ് അനുവദിക്കുന്നുണ്ടോ; സംസ്ഥാന സർക്കാർ എത്ര ശതമാനം റിബേറ്റ് അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഖാദി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(എഫ്) പരമ്പരാഗത തേനീച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ) (1) വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും പിന്നീട് ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10 ശതമാനം റിബേറ്റിന് പുറമേ അധികമായി 10 ശതമാനം റിബേറ്റുകൂടി അനുവദിക്കുകയും (ആകെ 20 ശതമാനം) ഈ അധിക റിബേറ്റിനുവേണ്ടി 525 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

(2) ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25 ശതമാനവും 2009 മുതൽ 50 ശതമാനവും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റുക്കുടുക്ക സൈ്വവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

(3) ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി.

(4) സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയും ആക്കി. ഇപ്പോൾ ഒരു വർദ്ധനവും കൂടി നൽകി ഇത് 500 രൂപയാക്കി.

(5) ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009-10 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(6) ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-10 വർഷം 20 ലക്ഷം രൂപയും വകയിരുത്തി. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(7) ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

(8) ഖാദി കൈത്തൊഴിലുകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി. നിലത്തിരുന്ന് ചർക്ക പ്രവർത്തിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10 വർഷം 400 ഖാദി കൈത്തൊഴിലുകാർക്ക് മേശയും സ്റ്റൂളും നൽകി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(9) ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(10) ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(11) സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20 ശതമാനം വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(12) സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

(13) പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

(14) തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

(15) ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

(16) പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP pooled fund).

(ബി) ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ ഫ്ളാഗ്ഷിപ്പ് പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്.

പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷവും 2008-09-ൽ 20 ലക്ഷവും 2009-10-ൽ 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഈ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി കമ്മീഷന്റെ സഹായത്തോടെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ധനകാര്യ സ്ഥാപനങ്ങളുടെ (ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ) സാമ്പത്തിക സഹായത്തോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഗ്രാമ വ്യവസായ യൂണിറ്റുകൾ (ഖാദി ഒഴികെയുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾ) ആരംഭിച്ച് ഉല്പാദന പ്രവർത്തനം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംരംഭകർക്ക് പ്രോജക്ട് തുകയുടെ 25 ശതമാനം മുതൽ 35 ശതമാനം വരെ മാർജിൻ മണി ഗ്രാന്റായി ഖാദി ബോർഡിൽ നിന്ന് ലഭിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ, സംരംഭകർക്ക് മുതൽമുടക്കിന്റെ 95 ശതമാനം വരെ വായ്പ നൽകുന്നതാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

1-4-2010 മുതൽ കേന്ദ്ര സർക്കാർ റിബേറ്റ് നിർത്തി. സംസ്ഥാന സർക്കാർ 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10 ശതമാനം റിബേറ്റ് കൂടി അനുവദിക്കുകയും (ഇപ്പോൾ ആകെ 20 ശതമാനം) ഇതിനു വേണ്ടി 525 ലക്ഷം രൂപ അധികമായി വകയിരുത്തി നൽകിയിട്ടുണ്ട്.

(ഇ) വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തി. ഇതുമൂലം ഖാദിമേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.

ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-10 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്നും വിദ്യാർത്ഥികളുടെ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20 ശതമാനം വർദ്ധനവുണ്ടായി.

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമവ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.

നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം കാര്യക്ഷമവും വിപുലവുമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനു വേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ അനുവദിച്ചു. ഈ പദ്ധതിയിൻകീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന് 50 ശതമാനം സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. തേനീച്ച കർഷകരിൽ നിന്നും തേൻ ശേഖരിച്ച് പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ഒരു തേൻ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിൽ പൊതുവെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാകുന്നുണ്ട്. എന്നാൽ ഖാദി മേഖലയിലെ തൊഴിലാളികൾക്ക് കൂലി വളരെ കുറവാണ്. ഇത് പരിഹരിക്കാൻ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ടോ? എങ്കിൽ അത് നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി ഖാദി ബോർഡിൽ ഉൾപ്പെടെ നടപ്പിലാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എളമരം കരീം: സർ, മിനിമം കൂലി തൊഴിൽ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് പീസ് റേറ്റ് അടിസ്ഥാനത്തിലാണ്. അതുകൊണ്ട് അതിൽ മാറ്റം വരുത്തിയിട്ടുവേണം മിനിമം കൂലി നടപ്പാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ടത്. ഖാദി ബോർഡും സ്ഥാപനങ്ങളുമായി ഇത് സംബന്ധിച്ച് കൂടിയാലോചനകൾ നടത്തിവരികയാണ്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഖാദിയുടെ വിൽപ്പന നല്ലതുപോലെ വർദ്ധിച്ചിട്ടുണ്ട്. പക്ഷെ ഇന്ന് വിൽപ്പനയ്ക്കുള്ള പ്രധാനപ്പെട്ട തടസ്സം, വാങ്ങുന്നവർക്ക് തിരിച്ചറിയാൻ സാധിക്കാത്താണ്. കാരണം കള്ളഖാദി വിൽക്കുന്നവരും ഖാദി എന്നാണ് ബോർഡ് വയ്ക്കുന്നത്. അതുകൊണ്ട് ഖാദി എന്ന ബോർഡ് വയ്ക്കാൻ ഖാദി കമ്മീഷന്റെ സ്ഥാപനങ്ങൾക്ക് മാത്രമായി നിയമം കൊണ്ടുവരേണ്ടതുണ്ട്. അതോടൊപ്പം എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ സ്കൂൾ കുട്ടികൾക്ക് പാൽ കൊടുക്കുന്നതിനുപകരം, അവർ തന്നെ ഉൽപ്പാദിപ്പിച്ച തേൻ വെള്ളമാണ് കൊടുക്കുന്നത്. തേൻ ആരോഗ്യത്തിന് നല്ലതാണ്. പാലിന്റെ വില വരില്ല. അപ്പോൾ ബന്ധപ്പെട്ടവരുമായി ആലോചിച്ച് കേരളത്തിലെ സ്കൂളുകളിൽ സ്കൂൾ കുട്ടികൾക്ക് രണ്ടു നേരം തേൻ വെള്ളം കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. എളമരം കരീം: സർ, മറ്റ് സംസ്ഥാനങ്ങളിലെ യന്ത്രത്തറികൾ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഖാദി വിലകുറച്ച് കേരളത്തിൽകൊണ്ടുവന്ന് വിൽപ്പന നടത്തുന്നത് നമ്മുടെ ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പനയെ വലിയ

LIBRARY ARCHIVES Kerala Legislative Assembly

തോതിൽ ബാധിക്കുന്നുണ്ട് എന്നുള്ളത് ശരിയാണ്. ഈ ഡൂപ്ലിക്കേറ്റ് സാധനങ്ങൾ വിൽപ്പന നടത്തുന്നത് തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്. സ്കൂൾ കുട്ടികൾക്ക് തേൻ വെള്ളം കൊടുക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുകൂടി ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, നമ്മുടെ സംസ്ഥാനത്ത് ഖാദി ഉൽപ്പന്നങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗമുള്ളത് ഖാദിയുടെ സിൽക്ക് തുണിത്തരങ്ങളാണ്. അത് മലയാളികൾ അധികവും വാങ്ങുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അതിന് കാരണം കേരളത്തിൽ ഇത്തരം സിൽക്ക് ഖാദി തുണിത്തരങ്ങൾ വേണ്ടത്ര ഉൽപ്പാദിപ്പിക്കുന്നില്ലെന്നുള്ളതാണ്. കേരളത്തിൽ തന്നെ ഖാദിയുടെ സിൽക്ക് തുണിത്തരങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: സർ, കേരളത്തിൽ മൾബറി കൃഷിയും സിൽക്ക് ഉൽപ്പാദനവും കുറവായതുകൊണ്ടാണ് സിൽക്ക് തുണിത്തരങ്ങൾ വിലകുറച്ച് ഉൽപ്പാദിപ്പിക്കാൻ കഴിയാതിരിക്കുന്നത്. സിൽക്ക് വസ്ത്രങ്ങൾ ലഭ്യമാക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. വി. ശശികുമാർ: സർ, ഖാദിയുടെ ഏറ്റവും വലിയ അട്രാക്ഷൻ അതിന് നൽകുന്ന റിബേറ്റാണ്. ആ റിബേറ്റ് കേന്ദ്ര ഗവൺമെന്റ് നിർത്തി യെന്നാണ് പറയുന്നത്. ഖാദി ധാരാളം ഉപയോഗിക്കുകയും ഗാന്ധിജിയെ കുറിച്ച് വളരെയേറെ സംസാരിക്കുകയും ചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് ഗാന്ധിയെ മറന്നതുകൊണ്ടാണോ ഈ റിബേറ്റ് പുനഃസ്ഥാപിക്കാത്തത്. ഈ റിബേറ്റ് പുനഃസ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി എന്ത് നടപടിയാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എളമരം കരീം: സർ, എന്താണ് സംഭവിച്ചത് എന്ന് അറിയില്ല. കേന്ദ്ര സർക്കാർ 2010-11 സാമ്പത്തിക വർഷം ഖാദിക്ക് നൽകിവന്നിരുന്ന 10 ശതമാനം റിബേറ്റ് നിർത്തലാക്കി. അത് ഖാദി വിൽപ്പനയെ വലിയ തോതിൽ ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ ആ 10 ശതമാനം റിബേറ്റുകൂടി ഇപ്പോൾ കൊടുത്തുവരികയാണ്. അങ്ങനെയാണ് ഗവൺമെന്റിന് ഈ വർഷം അധികബാദ്ധ്യത വഹിക്കേണ്ടിവന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, കൈത്തറിയുടെ ബ്രാൻഡ് അംബാസിഡർ ശ്രീ. മോഹൻലാൽ ആണ്. അദ്ദേഹത്തിനെ വച്ചതിനെതിരായി ശ്രീ. സുകുമാർ അഴീക്കോട് ഉൾപ്പെടെയുള്ളവർ വിവാദം ഉയർത്തിയിരുന്നു. ഇപ്പോഴും ഖാദിയുടെയും കൈത്തറിയുടെയും ബ്രാൻഡ് അംബാസിഡർ അദ്ദേഹം തന്നെയാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എളമരം കരീം : സർ, ഈ പ്രശ്നം വിവാദമാക്കേണ്ടതില്ല. അദ്ദേഹം കൈത്തറി വസ്ത്രങ്ങളുടെ ബ്രാൻഡ് അംബാസിഡറാണ്.

LIBRARY ARCHIVES Kerala Legislative Assembly